**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- പ്രസിഡന്റ്, കല്ലങ്കാട് ക്ഷീരോൽപാദക സഹകരണ സംഘം, മാങ്കുറുശ്ശി എന്നയാൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 21/05/2024 തിയതിയിലെ തീരുമാനം

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 24/05/2024**

പ്രസിഡന്റ്, കല്ലങ്കാട് ക്ഷീരോൽപാദക സഹകരണ സംഘം, മാങ്കുറുശ്ശി എന്നയാൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ നൽകിയ പരാതി പരിഗണനക്കായി ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതിക്ക് അയച്ചിരുന്നു. പരാതിയിൽ, Kallankad Milk Development Cooperative Society ക്കു Diary Development Department ൽ നിന്നും building maintenance fund ലഭിക്കുന്നതിനു മങ്കര പഞ്ചായത്തിൽ നിന്നും approval ആവശ്യമാണെന്നും, അത് ലഭിച്ചില്ലെന്നും മറ്റും പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ പരാതി പരിശോധിച്ചു. പരാതിക്കാരന്റെ പ്രതിനിധിയെ കേട്ടു. പരാതിക്കാരന് നേരിൽ ഹാജരാകാൻ കത്ത് നൽകിയിരുന്നെങ്കിലും ഹാജരായില്ല. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് അദാലത്ത് സമിതി മുമ്പാകെ ലഭ്യമാക്കി. പ്രസ്തുത കെട്ടിടത്തിനു പഞ്ചായത്ത് അസസ്മെന്റ് രജിസ്റ്റർ പ്രകാരം 71.37 ച. മീ ആണ് ഉണ്ടായിരുന്നത്. കൂടാതെ 7326 രൂപയാണ് വാർഷിക വസ്തു നികുതി അടച്ചുകൊണ്ടിരുന്നത്. എന്നാൽ അപേക്ഷകൻ 09/10/2023 നു നൽകിയ അപേക്ഷ പ്രകാരം 214.10 ച. മീ. വിസ്തീർണം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ അസി. എഞ്ചിനിയർ സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടത്തിനു 215 ച. മീ. വിസ്തീർണം ഉള്ളതായി ബോധ്യപ്പെട്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. അത് പ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതി 215 ച. മീറ്ററിനു പുനക്രമീകരിച്ച് കണക്കാക്കിയപ്പോൾ അധികരിച്ച വിസ്തൃതിക്കു ആനുപാതികമായി ആകെ 18,939/- രൂപയായി തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വസ്തു നികുതി അടക്കുന്നതിനു 26/02/2024നു പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളതും നികുതി അടക്കാത്തതിനാൽ RR നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത വിഷയം

അദാലത്തിൽ പരിശോധിച്ചതിൽ നിന്നും ടി കെട്ടിടത്തിന്റെ വർദ്ധിച്ച വിസ്തൃതിക്കു ആനുപാതികമായിട്ടുള്ള വസ്തുനികുതി പഞ്ചായത്തിൽ അടക്കേണ്ടതാണെന്ന് കാണുന്നു. കൂടാതെ അപേക്ഷകൻ നൽകിയ പ്ലാൻ അംഗീകരിച്ച് നൽകുന്നതിനു സർക്കാർ നിശ്ചയിച്ച ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതുണ്ട്. ആയതിനാൽ ഇവ ഒടുക്കുന്ന മുറക്ക് അപേക്ഷകൻ നൽകിയ പ്ലാൻ അംഗീകരിച്ച് നൽകുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഒപ്പ്

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ് പാലക്കാട്

പകർപ്പ്: പ്രസിഡന്റ്, കല്ലുങ്കാട് ക്ഷീരോൽപാദക സഹകരണ സംഘം, മാങ്കുറുശ്ശി